**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3652** **05-08-2021 - ൽ മറുപടിയ്ക്ക്**

**ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പിൽ തൊഴിലെടുക്കുന്ന ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS) ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിന് പകരമായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് (EWF) മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി EWF മുഖാന്തിരമുള്ള അപകട ആശ്വാസ ധനസഹായ പദ്ധതിയിൽ അംഗത്വം നേടുന്നതിന് 1004/- രൂപയാണ് 2021 വർഷത്തേയ്ക്കുള്ള subscription ആയി ഈടാക്കിയിട്ടുള്ളത്. |
| (ബി) | ഉണ്ടെങ്കിൽ ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം ആണോ പരിരക്ഷ നടപ്പിലാക്കിയത്; സ്കിൽഡ്, അൺസ്കിൽഡ് എന്നീ തൊഴിലാളികൾക്ക് ഒരേ പ്രീമിയം നിരക്കാണോ; വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS) ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിന് പകരമായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് (EWF) മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി EWFമുഖാന്തിരമുള്ള അപകട ആശ്വാസ ധനസഹായ പദ്ധതിയിൽ അംഗത്വം നേടുന്നതിന് 1004/- രൂപയാണ് 2021 വർഷത്തേയ്ക്കുള്ള subscription ആയി ഈടാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (സി) | GPAIS പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS പദ്ധതികളിൽ കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ, തൊഴിലാളി/ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് അംഗത്വം പുതുക്കാനാകാതെ വരികയും അതിന് പകരമായി കെ.എസ്.ഇ.ബി.ലിമിറ്റഡ് EWF മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപകടമരണങ്ങൾക്ക് 10,00,000/- രൂപയും, മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസധനസഹായം (പരമാവധി 10 ലക്ഷം രൂപയും) കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ